**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **06-02-2023 - ൽ മറുപടിയ്ക്ക്**

**കീഴ്തണ്ടിലം ആന്റ് മുട്ടിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ കീഴ്തണ്ടിലം ആന്റ് മുട്ടിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | വടക്കാഞ്ചേരി പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവ് G.O. (Rt) No. 81/2021/WRD തീയതി 04.02.2021 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളാണ് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെ കീഴ്തണ്ടിലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവും (₹14,40,00,000.00), തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുട്ടിക്കലിൽ സംസ്ഥാന പാത 50-നെയും കോട്ടപ്പുറം വില്ലേജിലെ മുട്ടിയിക്കൽ-അട്ടത്തറ റോഡിനെയും ബന്ധിപ്പിച്ച് വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവും (₹11,90,00,000.00). പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി കിഫ്ബി മാനദണ്ഡ പ്രകാരമുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും അനുമതി കിഫ്ബിയിൽനിന്ന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ